03/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1399*(2)/2019*/*എസ്.ഐ.സി.*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

(ഫയൽ നമ്പർ **9179**/*എസ്.ഐ.സി-ജി 6/2019*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ്,
സ്റ്റേറ്റ് ജനറൽ സെക്രട്ടറി,
ജനമിത്രം കുടുംബക്ഷേമ നീതിവേദി,
അബ്ബാ ആർക്കേഡ്, ഈസ്റ്റ് കോട്ടപ്പറമ്പ്,
കോഴിക്കോട് – 673 001.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സുപ്രണ്ട്(ജി) സെക്ഷൻ, താമരശ്ശേരി താലൂക്ക് ഓഫീസ്, മിനി സിവിൽസ്റ്റേഷൻ, കോഴിക്കോട് – 673 573.
2. അപ്പീൽ അധികാരി & തഹസിൽദാർ, താലൂക്ക് ഓഫീസ്, താമരശ്ശേരി, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02/01/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23/01/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14/03/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25/04/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27/05/2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 29/05/2019 |
| ഹിയറിംഗ് നടന്ന തീയതി | 09.11.2021 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ് 27/05/2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 29.05.2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1399(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. അപ്പീൽ ഹർജിക്കാരൻ 02/01/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. ജി3-5889/18 നമ്പറിലായി താമരശ്ശേരി തഹസിൽദാറുടെ മറുപടിയിൽ പറഞ്ഞ പ്രകാരം ജില്ലാ നിയമ ഓഫീസർ താമരശ്ശേരി തഹസിൽദാർ(ഭൂരേഖ)-ക്ക് നൽകിയ നിർദ്ദേശം അടങ്ങിയ രേഖയുടെ സർട്ടിഫൈഡ് കോപ്പി നൽകുവാനും
2. മേൽ മറുപടിയിൽ വ്യക്തമാക്കിയ ജില്ലാ നിയമ ഓഫീസറുടെ പേരും സ്ഥാനവും അവരുടെ പൂർണ്ണ വിലാസവും നൽകുവാനും
3. മേൽ നമ്പറുകളിലുള്ള ഭൂമികളിൽ നികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടും മറ്റും പുതുപ്പാടി വില്ലേജ് ഓഫീസർ മേൽ തഹസിൽദാർക്ക് നൽകിയിരുന്ന റിപ്പോർട്ടിന്റെ സർട്ടിഫൈഡ് കോപ്പി നൽകുവാനും
4. മേൽ ഭൂമികളിൽ നികുതി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആയതിലെ കൈവശക്കാർ പുതുപ്പാടി വില്ലേജ് ഓഫീസർക്ക് നൽകിയിരുന്ന മുഴുവൻ അപേക്ഷകളുടെയും സർട്ടിഫൈഡ് കോപ്പി നൽകണമെന്നും മറ്റുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 23/01/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. അപ്പീൽ ഹർജിക്കാരൻ 14/03/2019-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 25/04/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 26/10/2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 23/01/2019–ലെ മറുപടിക്കെതിരെ അപേക്ഷകൻ 14/03/2019 തീയതി അപ്പീൽ അധികാരിയായ തഹസിൽദാർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ സ്വീകരിച്ച് 12/04/2019 തീയതി കക്ഷിയെ വിചാരണയ്ക്ക് ഹാജരാകുന്നതിന് നിർദ്ദേശിച്ചെങ്കിലും ടിയാൻ വിചാരണയ്ക്ക് ഹാജരാകാൻ കഴിയില്ലെന്ന് അറിയിച്ചുകൊണ്ട് മറുപടി സമർപ്പിക്കുകയാണുണ്ടായതെന്നും, വിവരാവകാശ നിയമത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് വൈകി ലഭിച്ച അപേക്ഷയാണെങ്കിലും പരിശോധനയ്ക്കായി കക്ഷിയെ നേരിൽ കേൾക്കുന്നതിന് നോട്ടീസ് അയച്ചെങ്കിലും ആയതിൽ താൽപ്പര്യമില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ അപ്പീൽ കാലാവധി കഴിഞ്ഞ് ലഭിച്ച അപേക്ഷ പരിഗണിക്കേണ്ട അടിയന്തിര സാഹചര്യം നിലവിലില്ല എന്നു കാണിച്ച് അപ്പീൽ അപേക്ഷ തീർപ്പാക്കിക്കൊണ്ട് 25.04.2019 തീയതി ഉത്തരവായിട്ടുള്ളതാണെന്നും പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെ കേട്ടതിലും ഹർജിക്കാരൻ പണം അടവാക്കി രേഖകൾ കൈപ്പറ്റണമെന്നും ടിയാൻ പണം അടവാക്കിയാൽ രേഖകൾ നൽകണമെന്നും, ഈ രേഖകൾ ഹർജിക്കാരന് ലഭ്യമായിട്ടുണ്ടെന്ന് പുതുപ്പാടി വില്ലേജ് ഓഫീസർ ഉറപ്പ് വരുത്തണമെന്ന് കമ്മീഷൻ നിർദ്ദേശം നൽകി കൊണ്ട് ഈ ഉത്തരവ് തീർപ്പാക്കുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2021 നവംബർ 17–ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV